**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6030 | 08.07.2013 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃക അംഗൻവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.എ.കെ. ബാലൻ | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) മാതൃകാ അംഗൻവാടികൾ തെരഞ്ഞെടുക്കുന്നതിന് എംഎൽഎമാരിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നുവോ ; എംഎൽഎ-മാർ നിർദ്ദേശിച്ച അംഗൻവാടികളെയാണോ മാതൃകാ അംഗൻവാടികളായി തെരഞ്ഞെടുത്തിട്ടുള്ളത് ; | (എ) മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിന് പ്രപ്പോസലുകൾ എംഎൽഎ മാരിൽ നിന്നും ക്ഷണിക്കുകയും അതു പ്രകാരം നിർദ്ദേശിക്കപ്പെട്ട അംഗൻവാടികളെ മാതൃകാ അംഗൻവാടികളായി തെരഞ്ഞെടുക്കുകയും ചെയ്തു വരുന്നുണ്ട്. |
| (ബി) തരൂർ മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയായി തെരഞ്ഞെടുത്തിട്ടുള്ളത് ഏത് അംഗൻവാടിയെയാണ് ; വ്യക്തമാക്കുമോ ; | (ബി) തരൂർ മണ്ഡലത്തിൽ നിന്നും ആലത്തൂർ (Addl) -ലെ അംഗൻവാടി നമ്പർ 84-നെയാണ് മാതൃകാ അംഗൻവാടിയായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) ഏത് ഏജൻസി വഴിയാണ് മാതൃകാ അംഗൻവാടികൾ തെരഞ്ഞെടുക്കുന്ന പദ്ധതി നടപ്പാക്കുന്നത്; എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (സി) ഭരണാനുമതി ലഭ്യമായിട്ടുള്ള 83 മാതൃകാ-അംഗൻവാടികളുടെ നിർമ്മാണ ചുമതല കരാർ പ്രകാരം കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. 10 സെന്റ് സ്ഥലത്തിൽ പണിയാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്സ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സേവനങ്ങളും മാതൃകാ അംഗനവാടിയിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനും പൂർത്തിയാക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ? | (ഡി) മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കഴിവതും വേഗം നിർമ്മാണം പൂർത്തിയാക്കുമെന്നു കരുതുന്നു. |

സെക്ഷൻ ഓഫീസർ